**ദശമസ്കന്ദം ആരംഭം**

മൃത്യുർജ്ജൻമവതാം വീര ദേഹേന സഹ ജായതേ
അദ്യ വാബ്ദശതാന്തേ വാ മൃത്യുർവൈ പ്രാണിനാം ധ്രുവ: **(10-1-38)**
തസ്മാന്ന കസ്യചിദ് ദ്രോഹമാചരേത് സ തഥാവിധ:
ആത്മന: ക്ഷേമമന്വിച്ഛൻ ദ്രോഗ്ദ്ധുർവൈ പരതോ ഭയം **(10-1-44)**

*ശുകമുനി തുടർന്നു:*
രാക്ഷസൻമാരുടെ ഭരണം കൊണ്ട് ഭാരം താങ്ങാനാവാതെ ഭൂമീദേവി ബ്രഹ്മാവിനോടു പരാതിപ്പെട്ടു. ബ്രഹ്മദേവൻ പരമശിവനുമൊത്ത് ഭഗവൽപ്രീതിക്കായി ആരാഞ്ഞു. അപ്പോൾ ദേവൻമാർ ഒരശരീരി കേട്ടു. "ഭഗവാൻ ഭൂമിദേവിയുടെ പരിതാപം മനസ്സിലാക്കുന്നു. അദ്ദേഹം താമസംവിനാ മനുഷ്യരൂപമെടുത്ത് ഭൂമിയിലവതരിക്കുന്നതാണ്. അപ്പോൾ നിങ്ങളും മനുഷ്യരൂപത്തിൽ അദ്ദേഹത്തിൻെറ അനുയായികളായി അവിടെ ജനിക്കുക." ഭഗവൽശബ്ദത്തിൽ സംപ്രീതരായ ദേവതകൾ തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങി. ഭൂമിയിൽ മഥുരാധിപൻ ഉഗ്രസേനനും കംസൻ അദ്ദേഹത്തിൻെറ മകനുമായിരുന്നു. കംസൻെറ സഹോദരി (അഛൻെറ സഹോദരൻെറ മകൾ) ദേവകിയെ വസുദേവന് വിവാഹം ചെയ്തു കൊടുത്തപ്പോൾ കംസൻ ദേവകിയെ ബഹുമാനിക്കാൻ സ്വയം തേരാളിയായി. അപ്പോൾ ആകാശത്തു നിന്നും ഇങ്ങിനെ കേൾക്കായി. "വിഡ്ഢീ നീയിപ്പോൾ ബഹുമാനിക്കുന്ന ഈ സ്ത്രീയുടെതന്നെ എട്ടാമത്തെ മകൻ നിനക്ക് മരണത്തെ സമ്മാനിക്കും." ക്രോധത്തോടെയും ഭയത്തോടെയും കംസൻ ദേവകിയെ കൊല്ലാൻ തുനിഞ്ഞപ്പോൾ വസുദേവൻ തടഞ്ഞു. എന്നിട്ടിങ്ങിനെ അപേക്ഷിച്ചു.

"അങ്ങ് മഹാനായൊരു രാജകുമാരൻ. ഈ പെൺകുട്ടി അവിടുത്തെ സോദരിയും. മാത്രമല്ല അവളുടെ വിവാഹം ഇപ്പോൾ കഴിഞ്ഞിട്ടേയുള്ളു. ഈ മംഗളാവസരത്തിൽ അവളെ വധിക്കുന്നത് ഉചിതമോ? ഏതൊരു ശരീരം ജനിക്കുമ്പോഴും മരണം കൂടെത്തന്നെ ജനിക്കുന്നു. ഇപ്പോൾ അല്ലെങ്കിൽ നൂറുകൊല്ലം കഴിഞ്ഞ് എല്ലാവരും മരിക്കും. ഒരു ചിത്രശലഭപ്പുഴു ഒരു പുൽക്കൊടിയിൽ നിന്ന് മറ്റൊന്നിലേക്ക് ചാടുന്നതുപോലെ ആത്മാവ് ഒരു ശരീരത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറുന്നു. ഇതറിഞ്ഞുകൊണ്ട് മറ്റുള്ളവരെ ദ്രോഹിക്കുന്നതിൽനിന്നും ഒരുവൻ പിന്തിരിയണം. അവനവൻെറ നൻമയ്ക്കായി മറ്റുള്ളവർക്ക് ദ്രോഹം ചെയ്യുന്നവനേ മറ്റുള്ളവരോട് പേടിയുള്ളൂ. അതുകൊണ്ട് അങ്ങയുടെ ഈ സോദരിയെ വെറുതെ വിടുക." കംസൻ ഉപദേശം കേൾക്കാനുള്ള മനോഭാവത്തിലായിരുന്നില്ല. വസുദേവൻ ആലോചിച്ചു. "സാധിക്കുന്നിടത്തോളം സമയം ഒരുവൻ മരണത്തെ തടഞ്ഞു നിർത്തണം. ഞാൻ മറ്റൊരു മാർഗ്ഗം പറയാം. എനിക്ക് ദേവകിയിൽ കുട്ടികളുണ്ടായാൽ അവരെ ഞാൻ കംസനെ ഏൽപ്പിക്കാം. അതുവരെ കംസൻ ജീവിച്ചിരിക്കുമെങ്കിൽ. മാത്രമല്ല ഭഗവാൻെറ ദിവ്യലീലകൾ എന്തെന്ന് ആർക്കറിയാൻ കഴിയും? അദ്ദേഹം പറഞ്ഞു. "അല്ലയോ മഹാത്മാവേ ഈ ദേവകിയിൽനിന്ന് അങ്ങേയ്ക്ക് ഭയപ്പെടേണ്ടതുമായി ഒന്നുമില്ല. അവളുടെ മകനിൽ നിന്നു മാത്രമല്ലേ ഭയത്തിനവകാശമുള്ളൂ. അവളിലുണ്ടാവുന്ന കുഞ്ഞുങ്ങളെയെല്ലാം അങ്ങയെ ഏൽപ്പിക്കാം. അങ്ങയുടെ ഹിതം പോലെ അവരെ എന്തു വേണമെങ്കിലും ചെയ്യാം. കംസന് വസുദേവൻെറ വാക്കുകൾ വിശ്വാസമായി. ദേവകിയെ കംസൻ വെറുതെ വിട്ടു. വസുദേവൻ തൻെറ ആദ്യപുത്രനെ കംസനു കൊടുത്തു. വസുദേവൻെറ സത്യസന്ധ്യതയിൽ പ്രീതനായ കംസൻ അവനെ അഛനു തിരിച്ചു നൽകി. "ഇവനിൽ നിന്ന് പേടിക്കാനൊന്നുമില്ല. അശരീരിയനുസരിച്ച് എട്ടാമനാണ് അപകടകാരി."

എങ്കിലും നാരദമുനി കംസന് താക്കീത് നൽകി. "വൃജത്തിലെ ജനങ്ങൾ വൃഷ്ണികൾ വസുദേവൻെറ നേതൃത്വത്തിലാണ്. യാദവർ ദേവകിയുടെ കീഴിലും. എല്ലാവരും ദേവൻമാരുമാണ്. സൂക്ഷിച്ചിരിക്കുക." എന്തോ ദിവ്യമായ പരിപാടികളുടെ ആസൂത്രണം നടക്കുന്നതായി നാരദൻ കംസന് സൂചനയും നൽകി. ദുഷ്ടനായ കംസൻ ഉടനേ തന്നെ വസുദേവനേയും ദേവകിയേയും തുറുങ്കിലടച്ചു. അവരുടെ കുട്ടികളെയെല്ലാം ഒന്നൊന്നായി കൊന്നു. ഉഗ്രസേനനെ സ്ഥാനഭ്രഷ്ടനാക്കി സ്വയം സിംഹാസനസ്ഥനായി.